Dr. C.T.E.M.St.Thomas. V.H.S.S., Pannivizha

# ബൈനറിയിലെ എഴുത്തുകൾ

ഡിജിറ്റൽ മാഗസിൻ

ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ്



# പത്രാധിപ സമിതി

ശ്രീമതി ഡാർലി പാപ്പച്ചൻ (പ്രഥമാധ്യാപിക)

ശ്രീമതി ജെസ്സി ചാക്കോ (എസ്.ഐ.ടി.സി.)

ശ്രീ. ശ്രീജിത്ത്. എസ്. ചന്ദ്രൻ (കൈറ്റ് മാസ്റ്റർ)

സിബിൻ തോമസ് സിസിൽ (എഡിറ്റർ)

മെറീന. എസ്. (ലിറ്റിൽ കൈറ്റ്സ് അംഗം)

## കവർപേജ് രൂപകൽപന

അനന്തകൃഷ്ണൻ. ആർ (ലിറ്റിൽ കൈറ്റ്സ് അംഗം)

സിബിൻ.ബി (ലിറ്റിൽ കൈറ്റ്സ് അംഗം)

# എഡിറ്റോറിയൽ



എഴുത്തുകളുടെ പുത്തനേടുകൾ തുറക്കുമ്പോൾ,
ഇവിടം...
ഞങ്ങളുടെ വാസനയുടെ സാക്ഷാത്കാരമാണ്.
പേന കൊണ്ടെഴുതിയവർ,
വാക്കുകൾ കാതുകൾക്ക് മധുരമാക്കിയവർ,
വരകൾ കൊണ്ട് വിസ്മയിപ്പിച്ചവർ,
കൂട്ടുകാർ...
ഒരു ചുവടുകൂടി
മുന്നോട്ടേക്ക് വയ്ക്കുന്നു...
പ്രചോദനമായവർക്കും
കൂടെ നിന്ന് കരുത്തേകിയവർക്കും നന്ദി.

ഞങ്ങളുടെ **ബൈനറിയിലെ എഴുത്തുകൾ**
നിങ്ങൾക്കായി സമർപ്പിക്കുന്നു.


എഡിറ്റർ
**സിബിൻ തോമസ് സിസിൽ**

# താളുകൾ മറിക്കുമ്പോൾ

| | |
|---|---|
| ഒരു ഗണിതജ്ഞന്റെ പരിജ്ഞാനം | യദുകൃഷ്ണൻ. ആർ, IX B |
| വിദ്യാകേന്ദ്രം | മെറീന.എസ്, IXA |
| റാണി ലക്ഷ്മീഭായി | ആദർശ്. ജി. നായർ, IXA |
| ഗീതോപദേശം | ശ്രീലക്ഷ്മി. എസ്., IXA |
| മുറ്റത്തെ പൂവ് | സനു. എസ്. രാജ്, IXB |
| എന്റെ നാട് | അന്നസജി, IXA |
| The Needle Tree | Sibin Thomas Sisil, IX B |
| Miles To Go Before I Sleep | Sibin. B , IX B |
| കാടത്തം | അശ്വതി. ആർ IXA |

# ഒരു ഗണിതജ്ഞന്റെ പരിജ്ഞാനം

യദുകൃഷ്ണൻ. ആർ, IX B



**പ**ണ്ടൊരിക്കൽ ഒരു ഗണിതജ്ഞനുണ്ടായിരുന്നു. അദ്ദേഹത്തിന് ലോക പരിജ്ഞാനം ഒട്ടും തന്നെയുണ്ടായിരുന്നില്ല. അദ്ദേഹം ഗണിത സൂത്രങ്ങളെ ആശ്രയിച്ചാണ് നിത്യജീവിതം പോലും നയിച്ചിരുന്നത്. ഒരു ദിവസം അദ്ദേഹത്തിന്, അവിടെക്കണ്ട വെള്ളം അധികമുണ്ടായിരുന്ന ഒരു ചെറു നദികടക്കേണ്ടതായി വന്നു. നദിയുടെ ചിലഭാഗങ്ങളിൽ എട്ടടി ആഴമുണ്ടായിരുന്നു. മറ്റു ചില ദിക്കിൽ നാലടി ആഴം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അഞ്ചടി ആഴം മാത്രമുള്ള ചില സ്ഥലങ്ങളും ഉണ്ടായിരുന്നു. ഗണിതജ്ഞൻ മൂന്ന് സ്ഥലങ്ങളുടേയും ശരാശരി ആഴം കണക്കുകൂട്ടി. ശരാശരി ആറടിക്ക് താഴെയായിരുന്നു. ഗണിതജ്ഞന്റെ പൊക്കം ആറടിക്ക് മീതെയായിരുന്നു. അതുകൊണ്ട് നദിയെ ആപത്തില്ലാതെ തരണം ചെയ്യാം എന്ന് അദ്ദേഹം തീരുമാനിച്ചു. എട്ടടി ആഴമുള്ള സ്ഥലത്ത് വന്നപ്പോൾ, പാവം !!! അദ്ദേഹം മുങ്ങിമരിച്ചു. അദ്ദേഹത്തിന് നീന്തുവാൻ പരിചയമുണ്ടായിരുന്നില്ല. ലോകപരിജ്ഞാനമില്ലായ്മക്ക് തന്റെ ജീവനെത്തന്നെ വിലയായി കൊടുക്കേണ്ടിവന്നു.

# വിദ്യാകേന്ദ്രം

മെറീന. എസ്, IXA

വിജയിക്ക ഇനിയുമീ വിദ്യതൻനീഡം
വിജ്ഞാന സമ്പത്തിനാധാരകേന്ദ്രം
വിജ്ഞാനദാഹികൾക്കാശ്രയ കേന്ദ്രം
അറിവിന്റെ അലകടൽ തീർക്കുന്ന ലോകം.

പല പല കുടുംബത്തിൻ അരുമക്കിടാങ്ങൾ
ഒരൊറ്റഭവനത്തിന്നംഗങ്ങളെപ്പോൽ
സ്നേഹബന്ധം പുലർത്തീടുന്നിതെന്നും
അഴലുകളെയെല്ലാമകറ്റുന്ന കേന്ദ്രം.



ഐശ്വര്യ സ്ഥാനമായെന്നുമീ ഭൂവിൽ
പുതുപുതു അറിവുകൾ നൽകുന്നു എന്നും
വിദ്യയോ തുണയായി നിറയുന്നിതുള്ളിൽ
വിദ്യതൻ പാലാഴിയാകുമീ സ്ഥാനം.

# റാണി ലക്ഷ്മീഭായി

ആദർശ്. ജി. നായർ, IXA

4to40




ക്രിസ്തുവർഷം 1857 ഇന്ത്യയുടെ ചരിത്രത്തിൽ വളരെയേറെ പ്രാധാന്യമർഹിയ്ക്കുന്ന ഒരു കാലയളവാണ്. ബ്രിട്ടീഷ് ഭരണത്തിനെതിരായി ശക്തവും വ്യാപകവുമായ ഒരു പ്രക്ഷോഭണം പൊട്ടിപ്പുറപ്പെട്ടത് അപ്പോഴായിരുന്നു. ഇന്ത്യൻ ജനതയുടെ അന്നത്തെ പ്രക്ഷോഭണത്തിന്റെ ഊക്കിൽ ബ്രിട്ടീഷ് ഭരണകൂടത്തിന്റെ ഇവിടുത്തെ അടിത്തറ ആടിയുലഞ്ഞു. അന്നത്തെ പ്രക്ഷോഭണത്തിൽ ജീവൻ ആഹുതി ചെയ്ത് ജനങ്ങൾക്കു പ്രക്ഷോഭണവീര്യം പകർന്ന ധീരവനിതയാണ് റാണി ലക്ഷ്മീഭായി.

1835 നവംബർ 19-ാം തീയതി കാശിയിലാണ് ലക്ഷ്മീഭായി ജനിച്ചത്. ബാല്യം മുതൽക്കുതന്നെ വാൾപ്പയറ്റും, കുതിരസ്സവാരിയും ഗുസ്തിയും അവർ അഭ്യസിച്ചിരുന്നു.

ഝാൻസിയിലെ രാജാവായിരുന്ന ഗംഗാധർറാവു ലക്ഷ്മീഭായിയെ വിവാഹം കഴിയ്ക്കുമ്പോൾ അവർക്ക് 14 വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. 1851-ൽ അവർ ഒരു പുത്രനെ പ്രസവിച്ചു. അത് മൂന്നു മാസം പ്രായമാവുന്നതിനുമുമ്പ് മരിച്ചു.

ഏറെത്താമസിയാതെ ഗംഗാധർറാവുവും ചരമം പ്രാപിച്ചു. അദ്ദേഹം മരിയ്ക്കുന്നതിനു മുമ്പ് 5 വയസ്സുള്ള ഒരു ബാലനെ ദത്തെടുക്കുകയും ലക്ഷ്മീഭായിയുടെ മരണശേഷം അവൻ രാജ്യാവകാശി ആയിരിയ്ക്കുമെന്നു വ്യവസ്ഥ ചെയ്യുകയുമുണ്ടായി.

ഭർത്താവു മരിക്കുമ്പോൾ ലക്ഷ്മീഭായിയ്ക്ക് 18 വയസ്സു മാത്രമെ പ്രായമുണ്ടായിരുന്നുള്ളു. സ്വാഭാവികമായും, ഗംഗാധർ റാവുവിൻറെ മരണശേഷം അവർ ഝാൻസിയുടെ ഭരണം സ്വയം ഏറ്റെടുത്തു.



അന്ന് ബ്രിട്ടീഷ് ഗവർമെന്റിന്റെ ഇന്ത്യയിലെ ഭരണാധിപനും ഗവർണറുമായിരുന്ന ഡൽഹൗസി പ്രഭു ഝാൻസിയുടെ ഭരണം ലക്ഷ്മീഭായി കയ്യേൽക്കുന്നതു വിസമ്മതിച്ചു. ഝാൻസിയുടെ ഭരണം ബ്രിട്ടീഷ് ഗവർമെന്റിനു വിട്ടുകൊടുക്കാനും പകരം ലക്ഷ്മീഭായി പ്രതിവർഷം 6000 പവൻ പെൻഷൻ പറ്റിക്കൊണ്ട് ഭരണരംഗത്തുനിന്നു വിരമിച്ചുകൊള്ളാനുമായിരുന്നു അദ്ദേഹത്തിന്റെ കല്പന. ഡൽഹൗസി പ്രഭുവിന്റെ കല്പന പ്രകാരം ഝാൻസിയുടെ ഭരണം ബ്രിട്ടീഷ് ഗവർമെന്റ് ഏറ്റെടുക്കുകയും ചെയ്തു.

ഡൽഹൗസി പ്രഭുവിൻറെ കല്പനയനുസരിയ്ക്കാൻ ലക്ഷ്മീഭായി കൂട്ടാക്കിയില്ല. പെൻഷനായി ലഭിക്കുന്ന തുക അവരുടെ സാമ്പത്തികമായ ആവശ്യങ്ങൾക്കു മതിയാവുമായിരുന്നെങ്കിലും ബ്രിട്ടീഷുകാരുടെ പെൻഷൻ വാങ്ങിക്കൊണ്ട്

അവരുടെ അടിമയായിക്കഴിയാൻ ആ ധീരവനിത ഇഷ്ടപ്പെട്ടില്ല. ബ്രിട്ടീഷ് ഭരണത്തിന്റെ തിക്ത ഫലങ്ങൾ അപ്പോഴേക്കും അവർ അനുഭവിച്ചറിഞ്ഞിരുന്നു. ഒരു രാജ്യത്തിനും വിദേശഭരണത്തിൻകീഴിൽ സ്വൈരമായി കഴിയാനോ പുരോഗതി പ്രാപിക്കാനോ കഴിയുന്നതല്ലെന്നായിരുന്നു അവരുടെ വിശ്വാസം. ബ്രിട്ടീഷ് ഭരണസമ്പ്രദായം പ്രകൃതിവിരുദ്ധവും ഇന്ത്യക്ക് അപമാനകരവുമാണെന്ന് അവർ കരുതി. അപ്രകാരമുള്ള ബ്രിട്ടീഷ് ഭരണം ഇന്ത്യയിൽ അവസാനിപ്പിക്കാൻ വേണ്ടി ബ്രിട്ടീഷുകാരുമായി പടപൊരുതാൻ അവർ തയ്യാറായി.

ബ്രിട്ടീഷ് ഭരണകൂടത്തെ അവഗണിച്ചുകൊണ്ട്, 1854-ൽ തന്റെ ഭർത്താവിന്റെ മരണശേഷം, അതു വലിച്ചു താഴ്ത്തിയ ഝാൻസിയുടെ പതാക 1857 ജൂൺ 9-ാം തീയതി ഝാൻസി കോട്ടയിൽ ലക്ഷ്മീഭായി വീണ്ടും ഉയർത്തി. ബ്രിട്ടീഷ് ഭരണകൂടത്തിനുവേണ്ടി ഝാൻസി കോട്ടയിൽ കാവൽകിടന്നിരുന്ന ഇന്ത്യൻ പട്ടാളത്തിന്റെ കൂറും അവർ ആർജ്ജിച്ചു. ഝാൻസിയിലെ ജനങ്ങൾ, തങ്ങൾക്കു വീണ്ടും ബ്രിട്ടീഷ് ഭരണത്തിൽ നിന്നു സ്വാതന്ത്ര്യം നേടിക്കൊടുത്ത ലക്ഷ്മീഭായിയെ പുകഴ്ത്തി.

താൻ നേടിയെടുത്തിരിക്കുന്ന സ്വാതന്ത്ര്യം ക്ഷണികമാണെന്ന് ലക്ഷ്മീഭായിക്ക് അറിയാമായിരുന്നു. അതു സംരക്ഷിക്കാൻ കഴിഞ്ഞെങ്കിൽ മാത്രമെ തനിക്കു സംരക്ഷണം ലഭിക്കുകയുള്ളെന്നും അവർക്കു ബോദ്ധ്യപ്പെട്ടിരുന്നു. അതിലേക്ക് അവർ ഝാൻസിയുടെ ഭരണയന്ത്രം ശക്തിപ്പെടുത്തുകയും, പുതിയ സൈന്യത്തെ ഉയർത്തുകയും വെടിക്കോപ്പുകളും മറ്റു യുദ്ധ സാമഗ്രികളും നിർമ്മിക്കുകയും, ശക്തമായ രക്ഷാ സങ്കേതങ്ങൾ ഉറപ്പിക്കുകയും, ഒരു നാണയക്കമ്മട്ടം തുറക്കുകയും ചെയ്തു.

ഏതാനും മാസങ്ങൾക്കുള്ളിൽ ഹ്യൂറോസിന്റെ കീഴിലുള്ള ബ്രിട്ടീഷ് പട്ടാളവുമായി ലക്ഷ്മീഭായിക്ക് ഏറ്റുമുട്ടേണ്ടതായി വന്നു. 1858 മാർച്ച് മാസത്തിൽ ഹ്യൂറോസിന്റെ കീഴിലുള്ള പട്ടാളം ഝാൻസികോട്ട വളഞ്ഞു. അവിടെയുണ്ടായിരുന്ന ഇന്ത്യൻ പട്ടാളത്തോടൊപ്പം ഝാൻസിയിലെ ആബാലവൃദ്ധം ജനങ്ങൾ ഝാൻസികോട്ടക്കു സംരക്ഷണം നല്കി. ലക്ഷ്മീഭായിയാവട്ടെ, തന്റെ സൈന്യത്തിനും ജനങ്ങൾക്കും ധീരവും അക്ഷീണവുമായ നേതൃത്വവും നൽകി. അവരുടെ ഉറ്റമിത്രവും ഇന്ത്യയുടെ മറ്റൊരു ധീരപ്രക്ഷോഭകാരിയുമായ താന്തിയതോപ്പി ഒരു സംഘം പട്ടാളവുമായി സ്ഥലത്തെത്തിയതോടെ ഝാൻസിയുടെ പ്രതിരോധം കൂടുതൽ ശക്തിപ്പെടുത്താനും ലക്ഷ്മീഭായിക്കു കഴിഞ്ഞു.

പക്ഷെ, ശക്തമായ ബ്രിട്ടീഷ് സൈന്യം താന്തിയതോപ്പിയുടെ സൈന്യത്തെ പരാജയപ്പെടുത്തുകയുണ്ടായി. അതോടുകൂടി ലക്ഷ്മീഭായിയുടെ ജീവൻ അപകടത്തിലാവുമെന്ന് ഏതാണ്ട് തീർച്ചയാവുകയും ചെയ്തു. എങ്ങനെയെങ്കിലും കോട്ടയ്ക്കു വെളിയിൽ കടന്ന്, ബ്രിട്ടീഷ് സൈന്യത്തിനു പിടികൊടുക്കാതെ, സ്വാതന്ത്ര്യസമരം തുടരാൻ ജനങ്ങൾ അവരെ നിർബന്ധിച്ചു. ജനങ്ങളുടെ ആഗ്രഹത്തിനു വഴങ്ങി, ഒരു സാധാരണ ഭടന്റെ വേഷത്തിൽ 1858 ഏപ്രിൽ 4-ാംതീയതി രാത്രി അവർ ഝാൻസി കോട്ടയ്ക്കു വെളിയിൽ കടന്ന് കല്പി എന്ന സ്ഥലത്തേക്കു പോയി. അവിടെ താന്തിയതോപ്പിയും വേറൊരു പ്രക്ഷോപകാരിയായ റാവുസാഹിബ് പെഷ്വയും ഉണ്ടായിരുന്നു.



ബ്രിട്ടീഷ് സൈന്യത്തോടുള്ള യുദ്ധം തുടരാനാണ് അവർ തീരുമാനിച്ചത്. തുടർന്ന്, കുഞ്ച് ഗാവോൺ എന്ന സ്ഥലത്തു വച്ചുണ്ടായ യുദ്ധത്തിൽ അവർ ബ്രിട്ടീഷ് സൈന്യത്തോട് ധീരമായി പോരാടുകയും ചെയ്തു. വിജയസാധ്യത നന്നേ കുറവായിരുന്നിട്ടും ഗ്വാളിയർ കോട്ട പിടിച്ചെടുക്കാൻ അവർ പ്ലാനിട്ടു. വിജയം കൈവരിയ്ക്കാതെ യുദ്ധക്കളത്തിൽനിന്നു പിൻവാങ്ങുകയില്ലെന്ന ഉറച്ച തീരുമാനത്തോടെ അവർ കുതിരപ്പുറത്തു കയറി സൈന്യത്തെ നയിച്ചു.

രത്നങ്ങൾ പതിച്ച തൻറെ വാൾ ചുഴറ്റിക്കൊണ്ടാണ് ലക്ഷ്മീഭായി പടക്കളത്തിലിറങ്ങിയത്. ബ്രിട്ടീഷ് സൈന്യം വളരെയേറെ കരുതലോടെയാണ് അവരുടെ സൈന്യവുമായി ഏറ്റുമുട്ടിയത്. ചുറുചുറുക്കോടെ യുദ്ധം ചെയ്ത ലക്ഷ്മീഭായിയെ പരാജയപ്പെടുത്താനും ഹ്യൂറോസിനു കഴിഞ്ഞു. യജമാനത്തിയുടെ ജീവൻ അപകടത്തിലായിരിക്കുന്നത് ശ്രദ്ധിച്ചിരുന്ന ലക്ഷ്മീഭായിയുടെ പടക്കുതിര അവരെ രക്ഷാസങ്കേതത്തിലെത്തിക്കാൻ ശ്രമിക്കുകയുണ്ടായി. പക്ഷെ, ശത്രുസൈന്യത്താൽ അവർ പടക്കളത്തിൽ വെട്ടിവീഴ്ത്തപ്പെട്ടു. 1858 ജൂൺ 18-ാം തീയതിയാണ് റാണി ലക്ഷ്മീഭായി വധിക്കപ്പെട്ടത്.

# ഗീതോപദേശം

ശ്രീലക്ഷ്മി. എസ്., IXA



കർമണ്യേവാധികാരസ്തേ
മാ ഫലേഷു കദാചന
മാ കർമ്മഫലഹേതുർഭൂർമാ
തേ സങ്ഗോസ്ത്വകർമണി

നിനക്ക് അധികാരം കർമ്മം ചെയ്യുന്നതിൽ മാത്രമേയുള്ളൂ, ഒരിക്കലും അതിന്റെ ഫലത്തിലല്ല. കർമ്മഫലത്തിന് നീ കാരണമായിത്തീരരുത്. അതുപോലെ തന്നെ കർമ്മം ചെയ്യാതിരിക്കലിൽ താത്പര്യവും അരുത്.


# മുറ്റത്തെ പൂവ്

സന. എസ്. രാജ്, IXB

പൂവിരിഞ്ഞു മുറ്റത്തൊരു
പൂവിരിഞ്ഞു
പൂവിന്റെ പേരെന്ത്?

..........................................................

ഒരു പൂവൊരു പൂവൊരു പൂവ്
ചെറു ചെറു ചെറു പൂവ്
ചൊകെ ചൊകെ ചോന്നൊരു
ചെറു പൂവ്
ചെത്തിപ്പൂവെന്നൊരു പൂവ്



# എന്റെ നാട്

അന്നസജി, IXA

മഴവേന്തും മുനിയുടെ മഹിതമാം ഗാഥകൾ
ഈണമുണർത്തുന്ന നാട്,
കാറ്റിലും മഴയിലും കർക്കിടകക്കാറ്
കലിയാട്ടം തുള്ളുന്ന നാട്,
ശ്രാവണ സന്ധ്യകൾ പൂവണിമുറ്റത്ത്
ചിരിതൂകി കളിയാടും നാട്,
പാവലും കോവലും വെള്ളരിമത്തനും
തൊടിയിൽ വിളയുന്ന നാട്,
ചക്കരത്തോട്ടത്തിലണ്ണാറക്കണ്ണന്മാർ
പൊൻപഴം തൂകുന്ന നാട്,
ഏഴിലംപാലയും പൂവാകചില്ലയും
ഇക്കിളിക്കൂട്ടുന്ന നാട്,
മന്ത്രധ്വനിയിലും പാണന്റെ
തുടിയിലും തുകിലുണർന്നിടുന്ന നാട്,
മയിൽപ്പീലിത്തണ്ടാൽ മനസ്സിന്റെ താളിൽ
ചിത്രമെഴുതുന്ന നാട്,
കണ്ണിനും കരളിനും നൽവിരുന്നാകുന്ന
മലയാളമാണെൻന്റെ നാട് ..



# The Needle Tree

Sibin Thomas Sisil, IX B



There were once two brothers who lived on the edge of a forest. The elder brother was very mean to his younger brother and ate up all the food and took all his good clothes. One day, the elder brother went into the forest to find some firewood to sell in the market. As he went around chopping the branches of a tree after tree, he came upon a magical tree. The tree said to him, 'Oh kind sir, please do not cut my branches. If you spare me, I will give you my golden apples'.

The elder brother agreed but was disappointed with the number apples the tree gave him. Greed overcame him, and he threatened to cut the entire trunk if the tree didn't give him more apples. The magical tree instead showered upon the elder brother hundreds upon hundreds of tiny15 needles. The elder brother lay on the ground crying in pain as the sun began to lower down the horizon.

The younger brother grew worried and went in search of his elder brother. He found him with hundreds of needles on his skin. He rushed to his brother and removed each needle with painstaking love. After he finished, the elder brother apologised for treating him badly and promised to be better. The tree saw the change in the elder brother's heart and gave them all the golden apples they could ever need.



**It is important to be kind and gracious as it will always be rewarded.**

# Miles To Go Before I Sleep

Sibin. B , IX B



Robert Lee Frost was an American poet. His work was initially published in England before it was published in America. Known for his realistic depictions of rural life and his command of American colloquial speech. Frost frequently wrote about settings from rural life in New England in the early twentieth century, using them to examine complex social and philosophical themes.

Robert Frost was born in San Francisco, California, to journalist William Prescott Frost, Jr., and Isabelle Moodie.

Frost's father was a teacher and later an editor of the *San Francisco Evening Bulletin* and an unsuccessful candidate for city tax collector. After his death the family moved across the country to Lawrence, Massachusetts, under the patronage of Robert's grandfather William Frost, Sr., who was an overseer at a New England mill. Frost graduated from Lawrence High School. Frost's mother joined the Swedenborgian church and had him baptized in it, but he left it as an adult. Although known for his later association with rural life, Frost grew up in the city, and he published his first poem in his high school's

magazine. He attended Dartmouth College for two months, long enough to be accepted into the Theta Delta Chi fraternity. Frost returned home to teach and to work at various jobs, including helping his mother teach her

class of unruly boys, delivering newspapers, and working in a factory maintaining carbon arc lamps.

He did not enjoy these jobs, feeling his true calling was poetry. In 1894, he sold his first poem, "My Butterfly.

An Elegy" for $15.

"**Stopping by Woods on a Snowy Evening**" is a poem written in 1922 by Robert Frost, and published in

1923 in his *New Hampshire* volume. Imagery, personification, and repetition are prominent in the work.

In a letter Frost called it "my best bid for remembrance"

Frost wrote the poem in June 1922 at his house in Shaftsbury, Vermont. He had been up the entire night writing the long poem "New Hampshire" and had finally finished when he realized morning had come. He went out to view the sunrise and suddenly got the idea for "Stopping by Woods on a Snowy Evening". He wrote the new poem "about the snowy evening and the little horse as if I'd had a hallucination" in just "a few minutes without strain".

The text of the poem describes the thoughts of a lone rider (the speaker), pausing at night in his travel to watch snow falling in the woods. It ends with him reminding himself that, despite the loveliness of the view, "I have promises to keep, / And miles to go before I sleep."

At the funeral of former Canadian prime minister Pierre Trudeau, his eldest son Justin rephrased the last stanza of this poem in his eulogy: ***"The woods are lovely, dark and deep. He has kept his promises and earned his sleep."***

# കാടത്തം

## അശ്വതി. ആർ IXA

നിർത്ഥക യുദ്ധകൊതിയരേ നിങ്ങളീ
മർത്ത്യനെ നിന്ദ്യമായ് ക്രൂശിപ്പതെന്തിത്ഥം?
കർത്തവ്യമെന്തന്നറിയുക ജീവിതം
വ്യർത്ഥമാക്കീടുന്നതെന്തേ ഭയാനകം!
എണ്ണപ്പെടുന്നൊരീസംസ്കാരപൈതൃകം
വർണ്ണവെറിയാൽ കരാളമായ്ത്തീർക്കയോ?
മണ്ണിലെ പാഴ്കൃമിക്കൊപ്പം മനുഷ്യനെ-
ണ്ണുന്നിതാഗോള സംസ്ക്കാരമെങ്ങുപോയ്!
കത്തിജ്വലിക്കും വിഷവാതകങ്ങളാൽ
പത്തിവിടർത്തിരണസംഗരങ്ങളിൽ
മൃത്യുവെപുൽകാനടുക്കുന്ന നിങ്ങൾ തൻ
ചിത്തം വിഷലിപ്തമായി കഴിഞ്ഞുവോ?
തേടുവതെന്തീകൊടുംചതികാട്ടിയി-
ട്ടാടലിൻ വിത്തുവിതയ്ക്കുവതാർക്കുനീ
കാടത്തമേനിന്നഹന്തയാൽ പാരിനെ
മൂടുന്നൊരുപിടിചാരമായ് നിർഭയം



ശാസ്ത്രത്തിന്നർത്ഥം വിനാശമായ് തീർക്കയോ
ശാന്തിയും, സംസ്ക്കാരചിന്തയും വിട്ടുവോ?
കത്തുമീമാനവരോഷാഗ്നിതൻ സ്വരം
മത്തുപിടിച്ചതലച്ചോറിലെത്തുമോ?!

കൂടെ വായിച്ചവർക്കും
കൂട്ടു നിന്നവർക്കും
ഞങ്ങളുടെ നന്ദി.....
- എഡിറ്റർ

